**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5012** **01-11-2021 - ൽ മറുപടിയ്ക്ക്**

**വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾ ചെയ്യാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | 10.10.2012 ലെ സ.ഉ.(കൈ) നം 384/2012/DMD, 27.3.2018 ലെ സ.ഉ.(കൈ) നം 3/2018 /DMD നമ്പർ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് പ്രകൃതി ദുരന്തങ്ങളിൽ നാശ നഷ്ടം സംഭവിക്കുന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തികൾ സംസ്ഥാനത്ത് നടപ്പാക്കുന്നത്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ മാനദണ്ഡങ്ങളുടെ കർശന നിബന്ധനമൂലം ഭൂരിഭാഗം പ്രവൃത്തികളും സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാതെ ഫണ്ട് ലാപ്സായി പോകുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾ പ്രകാരം പുതിയ നിർമ്മാണ പ്രവർത്തികൾക്ക് ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാനാകില്ല. അനുവദിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച ശേഷം മാത്രമാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഫണ്ട് അനുവദിക്കുന്നത്. ഭരണാനുമതി കാലാവധി അവസാനിക്കുന്ന മുറയ്ക്ക് നടപ്പാക്കാൻ സാധിക്കാത്ത പ്രവൃത്തിയുടെ ഭരണാനുമതി റദ്ദാകുമെങ്കിലും ദുരന്ത പ്രതികരണ നിധി ലാപ്സായി പോകുന്ന സാഹചര്യമില്ല. ഒഴിവാക്കാനാകാത്ത സാഹചര്യങ്ങൾ മൂലം ഭരണാനുമതി റദ്ദാകുന്ന പ്രവർത്തികൾ സംബന്ധിച്ച് ജില്ലാ കളക്ടർമാരിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ പ്രത്യേകം പരിശോധിച്ച് ആവശ്യമായ പ്രവർത്തികൾക്ക് ഭരണാനുമതി പുതുക്കി നല്കാറുണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത മാനദണ്ഡങ്ങളിൽ ഇളവ് അനുവദിക്കുന്നത് പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | ദുരന്ത പ്രതികരണ നിധി വിനിയോഗവുമായി ബന്ധപ്പെട്ടുള്ള മാനദണ്ഡങ്ങൾ രൂപീകരിക്കുന്നത് കേന്ദ്ര സർക്കാരായതിനാൽ മാനദണ്ഡങ്ങളിൽ ഇളവുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സംസ്ഥാനം കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ള നിവേദനങ്ങളിൽ നിലവിൽ സംസ്ഥാനത്തിന് അനുകൂലമായ പ്രതികരണം ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | റോഡ് പ്രവൃത്തികൾക്ക് അനുവദിക്കുന്ന തുക റീ ടാറിങ്ങിന് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ എന്ന നിബന്ധന വെച്ച് കാസർഗോഡ് ജില്ലയിൽ ഇത്തരം പ്രവൃത്തികൾക്ക് അനുമതി നൽകാതെ നിരസിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | കാസർഗോഡ് ജില്ലിയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഭരണാനുമതി നൽകിയിട്ടുള്ള റോഡ് പുനരുദ്ധാരണ പ്രവർത്തികളിൽ നേരത്തേ ടാർ ചെയതിരുന്ന റോഡുകളുടെ പ്രതലം പുതുതായി കോൺക്രീറ്റ് ചെയ്യുന്നതിനും മറ്റ് പുതിയ നിർമ്മാണ പ്രർത്തികൾ നടപ്പാക്കുന്നതിനുമായി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ള പ്രവർത്തികൾക്ക് നിർവ്വഹണാനുമതി നൽകുന്നതിന് സാധിച്ചിട്ടില്ല. ആയതിനാൽ അത്തരം കേസുകളിൽ അനുവദനീയമായി പ്രവർത്തി നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ